LIBRARY ARCHIVES Kerala Legislative Assembly

ധനസഹായത്തോടുകൂടി സഹകരണ സംഘങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് സബ്സിഡി വിപണികൾ നടത്താറുണ്ട്. ഏതാനും ഉത്പന്നങ്ങൾ ത്രിവേണി ബ്രാൻഡിൽ ആദായകരമായ നിരക്കിൽ പൊതു വിപണിയിൽ എത്തിക്കുന്നുമുണ്ട്.

(ബി) സംസ്ഥാനത്തെ ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഈ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ മുഖേന അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു മാർക്കറ്റിനേക്കാൾ വിലകുറച്ച് വിൽപ്പന നടത്തുന്നുണ്ട്. കൂടുതൽ അളവിൽ ഉത്പന്നങ്ങൾ സംഭരിച്ച് ചില്ലറ വ്യാപാരം ഊർജ്ജിതപ്പെടുത്തി വിലക്കുറവ് വിപണിയിൽ സൃഷ്ടിക്കുന്നതും പ്രവർത്തനരീതിയാണ്.

(സി) പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പരിശോധിക്കുന്നതാണ്.

കൺസ്യൂമർഫെഡിന്റെ സേവന വിപുലീകരണം

253(3685) ശ്രീ. എം. എം. മണി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ 450 കോടിയോളം രൂപ നഷ്ടത്തിലായിരുന്ന കൺസ്യൂമർഫെഡിനെ ലാഭകരമാക്കാൻ കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

2016-ൽ അധികാരത്തിൽ വന്ന സർക്കാർ കൺസ്യൂമർഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചു. നഷ്ടത്തിലായിരുന്ന 746 നന്മ സ്റ്റോറുകൾ, 33 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, അനാവശ്യമായി വാടകയ്ക്ക് എടുത്തിരുന്ന 9 ഗോഡൗണുകൾ എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

നിർത്തലാക്കി. ഇതുവഴി വാടകയിനത്തിൽ നൽകിയിരുന്ന തുകകൾ ഒഴിവാക്കാൻ സാധിച്ചു. ഉപയോഗയോഗ്യമല്ലാത്ത 83 മൊബൈൽ ത്രിവേണികൾ പൊതുലേലം വഴി വിൽപ്പന നടത്തി. കൺസ്യൂമർഫെഡിൽ അനാവശ്യമായി നിയമിച്ച ഏകദേശം 2500 ജീവനക്കാരെ ഒരു നിശ്ചിത തീയതി കണക്കാക്കി ഒഴിവാക്കി. കൺസ്യൂമർ ഫെഡിന്റെ കേന്ദ്രീകൃത വാങ്ങലുകൾ മുഴുവൻ ഇ-ടെണ്ടറിലൂടെ നടത്താൻ കഴിഞ്ഞു. ഇ-ടെണ്ടറും, ഇ-നെഗോസിയേഷനും നടത്തുക വഴി പർച്ചേസ് രംഗത്തെ അനഭിലഷണീയമായ പ്രവണതകൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വാങ്ങുക വഴി വിൽപ്പന വിലയിൽ കുറവ് വരുത്താൻ കഴിഞ്ഞു. വിവിധ ഗോഡൗണുകളിലായി ഉപയോഗശൂന്യമായിരുന്ന സാധനങ്ങൾ ലേലം ചെയ്ത് വില്പന നടത്തുകയും, ബാക്കിയുള്ള സാധനങ്ങൾ നിയമവിധേയമായി നശിപ്പിക്കുകയും ചെയ്ത് യൂണിറ്റുകൾ ഡാമേജ്ഹിതമാക്കി. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അധികാരത്തിൽ വന്നതിനുശേഷം ഏർപ്പെടുത്തിയ ശക്തമായ നിയന്ത്രണങ്ങളിലൂടെ ശമ്പളം, വാടക, പലിശ, ലോൺ തിരിച്ചടവ് എന്നീ മേഖലകളിലെ ചെലവ് ചുരുക്കിയും, വില്പന വർദ്ധിപ്പിച്ചും കൺസ്യൂമർഫെഡ് ലാഭത്തിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു.

(ബി) കൺസ്യൂമർഫെഡിന്റെ കീഴിൽ കൂടുതൽ ആധുനിക മെഗാമാർട്ടുകൾ ആരംഭിച്ചും വീട്ടുപടിക്കൽ സാധനങ്ങൾ എത്തിച്ചും ഉപഭോക്തൃ സേവനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ത്രിവേണികളുടെ വാട്ട്സ് അപ് നമ്പറുകളിൽ ഓർഡറുകൾ സ്വീകരിച്ച് നിത്യോപയോഗ സാധനങ്ങൾ ഹോം ഡെലിവെറിയായി വീടുകളിൽ എത്തിച്ച് നൽകുന്നുണ്ട്. www.consumerfed.in എന്ന വെബ് പോർട്ടൽ ആരംഭിച്ച് ഓൺലൈനായി ഓർഡറുകൾ സ്വീകരിക്കുകയും സാധനങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ വീടുകളിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്.

(സി) പർച്ചേസ് സംവിധാനം സുതാര്യവും കൂടുതൽ കാര്യക്ഷമവുമാക്കിക്കൊണ്ടും സംഭരണ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടും ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ഉപഭോക്താക്കളിലേയ്ക്കെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പത്രപ്പരസ്യം നൽകി ഇ-ടെണ്ടർ മുഖേനയാണ് കൺസ്യൂമർഫെഡ് പലവ്യഞ്ജന സാധനങ്ങൾ വാങ്ങുന്നത്. കൂടാതെ സബ്സിഡി സമയങ്ങളിൽ കൂടുതൽ സുതാര്യമായി ഇ-ടെണ്ടറിനോടൊപ്പം NCDEX E-Auction വഴിയും സാധനങ്ങൾ വാങ്ങി വരുന്നു.